തിരുവിതാംകൂറിലേയും-കൊച്ചിയിലേയും നികുതി സമീകരണം

*൪൯൩. (൯) ശ്രീ. കോന്നനാത്തു കുഞ്ഞുരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലേയും—കൊച്ചിയിലേയും നികുതി സമീകരണത്തിനു ഈ കാലത്തിനിടയിൽ നമ്മുടെ ഗവൺമെണ്ടു് വല്ലതും പ്രവർത്തിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ചെയ്ത പ്രവൃത്തി വിവരിക്കാമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്താണെന്നു പറയുവാൻ മടിയുണ്ടാകുമോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ, ബി, സി) ഇതു് ലാൻറകമ്മിറ്റിയോടു് അഭിപ്രായം ചോദിച്ചിട്ടുള്ള സംഗതികളിൽ ഒന്നാണു്. അവരുടെ റിപ്പോർട്ട കിട്ടിയിട്ടില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ലാൻറകമ്മിറ്റിയുടെ റിപ്പോർട്ടു് ഗവൺമെണ്ടിനു് എപ്പോൾ കിട്ടുമെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: റിപ്പോർട്ടു് ഒപ്പിട്ടിട്ടുള്ളതായിട്ടു് അറിയാം.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഒപ്പിട്ടതായി എങ്ങനെ അറിയാം?

ശ്രീ. എ. ജെ. ജോൺ: അതു വേറെവിധത്തിൽ അറിയാം.

Sri. R. K. Ram: What is the opinion of the Land Committee on this matter?

ശ്രീ. എ. ജെ. ജോൺ: അതു റിപ്പോർട്ട വായിച്ചാലേ അറിയാവു.

ശ്രീ. ഇട്ടൂര അയ്യക്കൻ: കൊച്ചീഭാഗത്തുള്ളവർ കൂട്ടുതൽ ലാൻറനികുതി കൊടുക്കുന്നതിനെപ്പറ്റി വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ലാൻറകമ്മിറ്റിയോടു ആ കാര്യം കൂടി പഠിച്ചു ലോചിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടു്. റിപ്പോർട്ടു വന്നാലുടനെ ഗവൺമെണ്ടു ആ റിപ്പോട്ടിനെപ്പറ്റി പഠിച്ചാലോചിച്ചശേഷം വേണ്ട നടപടികൾ എടുക്കുന്നതാണു്.

ശ്രീ. ഈപ്പൻഅറക്കൽ: ലാൻറകമ്മിറ്റി റിപ്പോർട്ടു ഇന്ന സമയത്തിനകം സമർപ്പിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കഴിയുന്നതും വേഗത്തിൽ റിപ്പോട്ട് സമർപ്പിക്കണമെന്നല്ലാതെ ഇന്ന സമയത്തു സമർപ്പിക്കണമെന്നില്ല.

ശ്രീ. ഈപ്പൻ അറക്കൽ: അതു എത്രയും താമസിയാതെ ഇന്ന തീയ്യതിക്കുള്ളിൽ സമർപ്പിക്കണമെന്നു് ഒരു ക്രിയ്ക്കും ചെയ്യുവാൻ ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: സമയക്രിയ്ക്കും ചെയ്യണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. എ. താണുപിള്ള: മുന്നു നാലു ദിവസങ്ങൾക്കുമുമ്പു് ഒപ്പിട്ടറിപ്പോട്ട് ഔദ്യോഗികമായി ഇവിടെ വരുവാനുള്ള താമസമെന്താണു്?

ശ്രീ. എ. ജെ. ജോൺ: റിപ്പോർട്ട ഒപ്പിട്ടയുടനെതന്നെ അയയ്ക്കണമെന്നു വ്യവസ്ഥയില്ല.

ശ്രീ.എ. താണുപിള്ള: ഒപ്പിട്ടു് ഇത്രദിവസം വച്ചുകൊണ്ടിരിക്കണമെന്നു് വല്ല നിർബന്ധവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ: അതില്ല.

Sri A. P. Udayabhanu: Has not the committee submitted a summary of their recommendations?

(No answer)

ഹിന്ദി എല്ലാസ്കൂളുകളിലും നിർബന്ധിതമാക്കണം

*൪൯൯. (൧൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഹിന്ദി എല്ലാസ്കൂളുകളിലും നിർബന്ധിതമാക്കണമെന്ന കാണിച്ച് ഇൻഡ്യാഗവണ്മെന്റിന്റെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ നിന്നും വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ;

(ബി) ആ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിനു എന്തുചെയ്യ എന്നു പറയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) രണ്ടും മൂന്നും ഫാറങ്ങളിൽ ഈ വിദ്യാഭ്യാസവർഷാരംഭം മുതൽ ഹിന്ദി നിർബന്ധവിഷയമാക്കിയിട്ടുണ്ട്. അടുത്ത വർഷം മുതൽ ൪, ൫. ന എന്നീ ഫാറങ്ങളിലും യഥാക്രമം ഹിന്ദി നിർബന്ധവിഷയമാക്കുന്നതാണ്.

ശ്രീ. സി. വി. ഇയ്യു: ഈ സഭയിലെ ഒദ്യോഗികഭാഷകൂടി ഹിന്ദി ആക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സഭയുടെ അഭിപ്രായമനുസരിച്ച് ചെയ്യുന്നതിനു വിരോധമില്ല.

ശ്രീ. എ. താണുപിള്ള: രണ്ടും മൂന്നും ഫാറങ്ങളിൽ ഹിന്ദി കമ്പൽസറി ആക്കി കഴിഞ്ഞു. അടുത്ത വർഷത്തിൽ നാലും, അഞ്ചും, ആറും ഫാറങ്ങളിൽ കമ്പൽസറി ആക്കാൻ പോകുന്നുവെന്നും പറഞ്ഞുകേട്ടു. അങ്ങനെ മൂന്നു ക്ലാസുകളിൽ ഒരുമിച്ച് ഹിന്ദി കമ്പൽസറി ആക്കിയാൽ അടുത്ത കൊല്ലങ്ങളിൽ അതു വിഷമത്തിനു ഇടയാകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്തകൊല്ലം മൂന്നു ക്ലാസുകളിലും ഒരുമിച്ചല്ല കമ്പൽസറി ആക്കുന്നതു. ഓരോ കൊല്ലവും ഓരോ ക്ലാസിലായിട്ടാണു് ആക്കുന്നതു.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ഹിന്ദി അദ്ധ്യാപകന്മാർ ഇല്ലാത്തതുകൊണ്ടു് ഹിന്ദി എടുക്കാൻ ചില സ്കൂളുകളിലെ കുട്ടികൾക്കു് സാധിക്കാതെ വരുന്നു എന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു് ഹിന്ദി എടുക്കുന്ന വിഷയത്തെപ്പറ്റിയുള്ളതല്ല.

ശ്രീ. മാന്നാർ ഗോപാലൻ നായർ: പല സ്കൂളുകളിലും ഹിന്ദി പഠിപ്പിക്കാൻ അദ്ധ്യാപകന്മാരുടെ അഭാവംമൂലം സാധിക്കുന്നില്ലെന്നുള്ളവിവരം ഗവണ്മെന്റിനു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഹിന്ദി പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകന്മാരുടെ യോഗ്യത താൽക്കാലികമായി കുറച്ചു താഴ്ത്തി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly